LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആകെ 11123.07 കോടി രൂപ ചെലവുവരുന്ന പദ്ധതികളാണ് ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) തന്നാണ്ടിൽ വകയിരുത്തപ്പെട്ട 85 കോടി രൂപയിൽ നിന്നും 79.64 കോടി രൂപ പിൻവലിക്കുന്നതിനുള്ള ഉത്തരവായിട്ടുണ്ട്.

(സി) വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന ഡി.പി.ആർ-ന്റെ അടിസ്ഥാനത്തിലാണ് തുക വിനിയോഗിക്കുന്നത്. അനുവദിച്ച എല്ലാ പദ്ധതികളുടേയും ഡി.പി.ആർ തയ്യാറാക്കിയിട്ടില്ല. അത് തയ്യാറാക്കുന്ന മുറയ്ക്ക് പദ്ധതികൾ ആരംഭിച്ച് തുക വിനിയോഗ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

വികലാംഗരുടെ ഉദ്യോഗ സംവരണം

50 (20) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരിപക്ഷം വികലാംഗർക്കും വളരെ വൈകിയാണ് ജോലി ലഭിക്കുന്നത് എന്ന കാര്യം പരിഗണനയിലെടുത്ത് വികലാംഗരുടെ പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) വികലാംഗർക്ക് ഉദ്യോഗ സംവരണം നൽകണമെന്ന 1981- ലെ ശുപാർശ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഹരിയാന പോലുള്ള സംസ്ഥാനങ്ങളിൽ വികലാംഗരുടെ പെൻഷൻ പ്രായം വൈകല്യം കുറഞ്ഞവർക്ക് 60 വയസ്സും 70%-ൽ കൂടുതൽ വൈകല്യം ഉള്ളവർക്ക് 62 വയസ്സുമാണെന്നിരിക്കെ, ഇത് കേരളത്തിലും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) വികലാംഗർക്ക് നിയമനങ്ങളിൽ 3% സംവരണം നൽകി വരുന്നുണ്ട്.

(സി) പരിഗണനയിലില്ല